**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1015** — **02-02-2026 - ൽ മറുപടിയ്ക്ക്**

**ചിമ്മിനി ഇക്കോടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചിമ്മിനി ഇക്കോട്ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി വനം വകുപ്പ് മുഖേന സമർപ്പിച്ച പ്രോജക്ടിന് വിവിധ ഫണ്ടുകളായി 3 കോടി രൂപ ലഭ്യമാക്കിയെങ്കിലും അതിന്റെ നിർമ്മാണ-നിർവഹണത്തിന് വലിയ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പദ്ധതി നടത്തിപ്പിന് കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വനത്തേയും വന്യജീവികളേയും സംരക്ഷിച്ചുകൊണ്ട് വിനോദ സഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ട പശ്ചിമഘട്ട മലനിരകളുടെ ഭാഗമായ ചിമ്മിനി മേഖലയിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ ഇക്കോടൂറിസം പദ്ധതി കാലതാമസമില്ലാതെ നടപ്പാക്കുന്നതിന് ആവശ്യമായ അനുമതിയും തുടർനടപടികളും സ്വീകരിക്കുമോ; | (ബി) | ഇക്കോ ടൂറിസം പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (സി) | ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി വിനോദസഞ്ചാര വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി, നവകേരള സദസ്സ്, 2025-26 ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II എന്നിങ്ങനെ 3 ഘട്ടങ്ങളായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br><u>1. വിനോദസഞ്ചാര വകുപ്പിന്റെ 'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതി (99,90,000 രൂപ).</u><br>'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതിയിൽ ഉൾപ്പെടുത്തി ചിമ്മിനി ഡാം ഇക്കോ ടൂറിസം പദ്ധതിക്കായി ആകെ 99,90,000 രൂപയുടെ ഭരണാനുമതി ടൂറിസം വകുപ്പ് ഡയറക്ടറുടെ 15.07.2025-ലെ DOT/4948/2024-25 ഉത്തരവ് **(അനുബന്ധം 1)** പ്രകാരം ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഫണ്ട് വിഭജനം താഴെ പറയുന്ന പ്രകാരമാണ്:<br><br>• വിനോദസഞ്ചാര വകുപ്പ് വിഹിതം: 50,00,000 രൂപ.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനം വിഹിതം: 9,94,000 രൂപ. |

- എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട്: 39,96,000 രൂപ.

തൃശ്ശൂർ ജില്ലാ കളക്ടറുടെ 10.12.2024-ലെ LSGD/JD/TSR/9278/2024/F2 ഉത്തരവ് (അനുബന്ധം 2) പ്രകാരം ടോയ്‌ലറ്റ് സൗകര്യങ്ങൾ സ്ഥാപിക്കൽ (30 ലക്ഷം), കുടിവെള്ള സൗകര്യങ്ങൾ സജ്ജമാക്കൽ (15 ലക്ഷം), ബോർഡുകൾ സ്ഥാപിക്കൽ (5 ലക്ഷം) എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KSCC) ആണ് ഇതിന്റെ നിർമ്മാണ നിർവ്വഹണം നടത്തുന്നത്. പ്രസ്തുത പ്രവൃത്തികളുടെ കരാർ നടപടികൾ 21.07.2025-ൽ പൂർത്തിയാവുകയും, 25.07.2025-ന് നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ മേൽ പദ്ധതി അവസാന ഘട്ടത്തിലാണ്. 10 സീറ്റർ സോളാർ ബോട്ട് (1 എണ്ണം), ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കൾ (Buggy) 2 എണ്ണം, വൈൽഡ് അഡ്വഞ്ചർ പാർക്ക് എന്നീ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

2.<u>നവകേരള സദസ്സ് (1 കോടി രൂപ)</u>

നവകേരള സദസ്സ് മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പ്രവർത്തനങ്ങൾ ഫീഡിംഗ് റൂമും മെഡിക്കൽ റൂമും ഉള്ള വനശ്രീ ഇക്കോ ഷോപ്പ് സ്ഥാപിക്കൽ, ബോട്ട് ലാൻഡിംഗ് ഏരിയയും വിശ്രമ സ്ഥലവും ഒരുക്കൽ എന്നിവയാണ്. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 7.75% (GST പുറമേ) സെന്റേജ് നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് പീച്ചി വൈൽഡ് ലൈഫ് വാർഡൻ 12.08.2025 തീയതിയിലെ KFDDO/36471/2025-WLDPCH/PW2 **(അനുബന്ധം 4)** നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ടി പ്രവൃത്തിക്ക് 15.10.2025 തീയതിയിലെ G.O (Rt) No. 434/2025/F&WLD **(അനുബന്ധം 3)** നമ്പർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഭരണാനുമതി ലഭ്യമായ വിവരം മേൽ സ്ഥാപനത്തെ പീച്ചി വൈൽഡ് ലൈഫ് വാർഡന്റെ 05.11.2025 തീയതിയിലെ KFDDO/36471/2025-WLDPCH/PW2 നമ്പർ കത്ത് പ്രകാരം അറിയിച്ച് പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

3.<u>വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് - അനുബന്ധം II (1 കോടി രൂപ)</u>

| | | | |
|---|---|---|---|
| | | | 2025-26 ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ടെന്റ് സൗകര്യം ഒരുക്കൽ, ബോട്ട് ലാൻഡിംഗ് റോഡ് ഒരുക്കൽ, ചെക്ക് പോസ്റ്റ്, ടിക്കറ്റ് കൗണ്ടർ എന്നിവയുടെ നിർമ്മാണം, പാർക്കിംഗ് ഏരിയയുടെ നവീകരണം, ഇൻഫർമേഷൻ സെന്റർ നവീകരണം എന്നീ പ്രവൃത്തികൾ 7.75% (GST പുറമേ) സെൻറേജ് നിരക്കിൽ ചെയ്യുന്നതിന് കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പീച്ചി വൈൽഡ് ലൈഫ് വാർഡൻ 24.10.2025 തീയതിയിലെ KFDDO/36637/2025-WLDPCH/PW2 **(അനുബന്ധം 5)** നമ്പർ പ്രകാരം അനുമതി ഉത്തരവ് നൽകിയിട്ടുള്ളതാണ്. പദ്ധതിയുടെ അടങ്കലുകൾ തയ്യാറാക്കുന്ന പ്രവൃത്തികൾ ഇപ്പോൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ – മാതൃഭാഷ"

**<u>വിനോദ സഞ്ചാര വകുപ്പ്  ഡയറക്ടറുടെ നടപടിക്രമം</u>**

(ഹാജർ.Sikha Surendran IAS)

വിഷയം : വിനോദ സഞ്ചാര വകുപ്പ് - ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി - തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൻറെ ചിമ്മിണി ഡാം ഇക്കോ ടൂറിസം പദ്ധതി - ഭരണാനുമതി ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന : 1. 21.12.2021 ലെ സ.ഉ(കൈ) നം.24/2021/ടൂറിസം

2 . 22.02.2022 ലെ സ.ഉ(കൈ) നം.5/2022/ടൂറിസം

3. 25.08.2022 ലെ സ.ഉ(സാധാ) നം.288/2022/ടൂറിസം

4. 27.07.2023 ലെ സ.ഉ (സാധാ) നം.371/2023/ടൂറിസം

5. 28.10.2024 ന് തൃശ്ശൂർ രാമനിലയം ഗസ്റ്റ് ഹൗസിൽ ചേർന്ന ജില്ലാ തല ഇവാല്യുവേഷൻ കമ്മിറ്റി യോഗത്തിൻറെ നടപടികുറിപ്പ്

6.26.03.2025,08.07.2025 ലെ വിനോദ സഞ്ചാര വകുപ്പ് തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടറുടെ DD-TSR -118/2024-PE നമ്പർ കത്ത് .

**<u>ഉത്തരവ് നമ്പർ: DOT/4948/2024-P5 തീയതി: 15-07-2025</u>**

വിനോദ സഞ്ചാര വികസനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തി ടൂറിസം വികസനം വിപുലീകരിക്കുന്നതിൻറെ ഭാഗമായി സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കുറഞ്ഞത് ഒരു ടൂറിസം ഡെസ്റ്റിനേഷൻ എങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം .

വിനോദ സഞ്ചാര വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംയുക്തമായാണ് ഈ പദ്ധതിക്കാവശ്യമായ ധനവിനിയോഗം നടത്തുക. ഈ പദ്ധതിയ്ക്കായി സൂചന 1, 2 പ്രകാരം 50 കോടി രൂപയുടെ ഭരണാനുമതി നൽകിയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ സൂചന (3), (4) പ്രകാരം പുറപ്പെടുവിച്ചും സർക്കാർ ഉത്തരവായിരുന്നു.

ആയതിൻറെ അടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിച്ച പ്രൊപ്പസലുകളുടെ പ്രഥമിക പരിശോധന ഇവാല്യൂവേഷൻ

കമ്മറ്റി പൂർത്തീകരിച്ചിട്ടുണ്ട്. സൂചന (5) പ്രകാരം ചേർന്ന പ്രസ്തുത കമ്മിറ്റി അംഗീകരിച്ച തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൻറെ "ചിമ്മിണി ഡാം ഇക്കോ ടൂറിസം പദ്ധതി" എന്ന പദ്ധതിയുടെ വനം വകുപ്പ് തയ്യാറാക്കിയ വിശദമായ പദ്ധതി രൂപരേഖ (DPR) സൂചന (6) പ്രകാരം ടൂറിസം വകുപ്പിൻറെ തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർ ഭരണാനുമതിക്കായി ഈ ഓഫീസിൽ സമർപ്പിച്ചിരുന്നു.

ആയത് വിനോദ സഞ്ചാര വകുപ്പ് വിശദമായി പരിശോധിച്ചു. **"ചിമ്മിണി ഡാം ഇക്കോ ടൂറിസം പദ്ധതി, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ"** എന്ന പദ്ധതിയ്ക്ക് വിനോദ സഞ്ചാര വകുപ്പിൻറെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി **Rs.99,90,000/-(തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം)** രൂപയുടെ ഭരണാനുമതി നൽകിയും, പദ്ധതിയുടെ **നിർവഹണ ഏജൻസിയായി വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിനെ** ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.ടി പദ്ധതിയുടെ ചെലവ് **"5452-01-101-99-34-03-Up Gradation, Creation of Infrastructure and Amenities (Plan)"** എന്ന ശീർഷകത്തിൽ നിന്നും വിനോദ സഞ്ചാര വകുപ്പ് വഹിക്കുന്നതാണ് .

**<u>ടി പദ്ധതിക്ക് താഴെ പറയുന്ന നിബന്ധനകളോടെയാണ് ഭരണാനുമതി നൽകിയിരിക്കുന്നത്</u>**

1. പദ്ധതിയുടെ ആകെ ചെലവിൽ വിനോദ സഞ്ചാര വകുപ്പിൻറെ പരമാവധി വിഹിതം : **50,00,000/-(അൻപത് ലക്ഷം രൂപ മാത്രം)** രൂപയായിരിക്കും .

2. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ വിഹിതം : **9,94,000/-(ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി നാലായിരം രൂപ മാത്രം)** രൂപയായിരിക്കും.

3. എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള വിഹിതം : **39,96,000/-(മുപ്പത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരം രൂപ മാത്രം)** രൂപയായിരിക്കും

3.പ്രൈസ് സോഫ്റ്റ്‌വെയറിൽ (DSoR 2018) തയ്യാറാക്കിയ എസ്റ്റിമേറ്റിനാണ് ടി പദ്ധതിക്ക് ഭരണാനുമതി നൽകിയിരിക്കുന്നത്. ഭരണാനുമതി പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയിൽ നിന്നും പദ്ധതി ചെലവ് അധികരിക്കുവാൻ പാടുള്ളതല്ല. (DsoR 2018) റേറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവർത്തികൾ മാത്രമേ നിർവഹണ ഏജൻസി നടത്തുവാൻ പാടുള്ളൂ. DSoR ൻറെ പുതിയ റേറ്റിലേക്ക് ഭരണാനുമതി ഉത്തരവ് മാറ്റി നൽകുന്നതല്ല.

4. പദ്ധതിയുടെ സാങ്കേതിക അനുമതി നേടിയെടുക്കേണ്ടത് തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ആണ്. ആയതിന്റെ പകർപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനം വിനോദ സഞ്ചാര വകുപ്പിന് സമർപ്പിക്കേണ്ടതാണ് .

5. പദ്ധതി നടത്തിപ്പിനായുള്ള കരാറുകാരനെ/സ്ഥാപനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനം ടെണ്ടർ നടപടിക്രമം പാലിച്ച് നിലവിലുള്ള സർക്കാർ ഉത്തരവ്/PWD മാനുവൽ/ ചട്ടപ്രകാരം കണ്ടെത്തേണ്ടതാണ്.

6. എല്ലാമാസവും അഞ്ചാം തീയതിയ്ക്ക് മുൻപായി പദ്ധതി പുരോഗതി റിപ്പോർട്ട് വകുപ്പിൻറെ തൃശ്ശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഗ്രാമ പഞ്ചായത്ത് സമർപ്പിക്കേണ്ടതാണ്.

7.വിനോദ സഞ്ചാര വകുപ്പിൻറെ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്കും, വിനോദ സഞ്ചാര

വകുപ്പ് ഡയറക്ടർ നിയോഗിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനും പദ്ധതി സന്ദർശിക്കുന്നതിനുള്ള സൗകര്യം തദ്ദേശ സ്വയം ഭരണ സ്ഥാപനം ഒരുക്കേണ്ടതാണ്.

8. അംഗീകാരം ലഭിച്ച പദ്ധതി രൂപരേഖയിലെ ഏതെങ്കിലും ഘടകത്തിന് മാറ്റം അനിവാര്യമാകുന്ന പക്ഷം ആയത് വകുപ്പിൻറെ ഡെപ്യൂട്ടി ഡയറക്ടർ മുഖേന ആസ്ഥാന കാര്യാലയത്തിൽ  അറിയിക്കേണ്ടതും , പദ്ധതി ചെലവ് അധികരിക്കുന്ന സാഹചര്യം ഉണ്ടായാൽ പുതുക്കിയ എസ്റ്റിമേറ്റ് ഉചിത മാർഗ്ഗേണ പരിഷ്കരിച്ച പദ്ധതി രൂപരേഖ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ് .

9. പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻറെ വിഹിതം പൂർണ്ണമായി ചെലവഴിച്ചതിനു ശേഷം, സാക്ഷ്യപ്പെടുത്തിയ വിനിയോഗ പത്രം ഉചിത മാർഗേണ ലഭ്യമാക്കിയാൽ മാത്രമേ വിനോദ സഞ്ചാര വകുപ്പിൻറെ വിഹിതം അനുവദിക്കുകയുള്ളൂ.വകുപ്പിൻ്റെ വിഹിതം അനുവദിക്കുന്നതിന് പഞ്ചായത്തിൻ്റെ അപേക്ഷയോടൊപ്പം, തുക ലഭിക്കേണ്ട പഞ്ചായത്ത് സെക്രട്ടറിയുടെ PSTSB/TSB/LGTSB അക്കൗണ്ട് നമ്പർ, IFS Code, PAN Number, GST Number എന്നിവ സംബന്ധിച്ച വിവരങ്ങൾ കൂടി വിനോദ സഞ്ചാര വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

10. സൂചന-1 ൻറെ ഭാഗമായ മാർഗ്ഗരേഖയിലെ എല്ലാ നിർദ്ദേശങ്ങളും ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരോ, വിനോദസഞ്ചാര വകുപ്പോ പുറപ്പെടുവിക്കുന്ന തുടർ നിർദ്ദേശങ്ങളും, ഉത്തരവുകളും ബാധകമായിരിക്കും.

11. പദ്ധതിയുടെ പൂർത്തീകരണകാലവധി **12 മാസം** ആയിരിക്കും.

12. ഭരണാനുമതി ഉത്തരവ് ലഭിച്ച് **14 ദിവസത്തിനുള്ളിൽ** തന്നെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ സെക്രട്ടറി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുമായി 500/- രൂപയുടെ മുദ്ര പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. കരാർ സമർപ്പിക്കുവാൻ താമസിക്കുന്ന മുറക്ക് നിലവിലുള്ള PWD മാനുവൽ പ്രകാരം പിഴ ഈടാക്കുന്നതാണ് .

**Sd/-**

Sikha Surendran IAS

DIRECTOR

സ്വീകർത്താവ് : സെക്രട്ടറി, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് , വരന്തരപ്പിള്ളി പി.ഒ, തൃശ്ശൂർ -680303

പകർപ്പ് : 1. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് സ്വരാജ് ഭവൻ, ഗ്രൗണ്ട് ഫ്ലോർ, നന്തൻകോഡ്, കവടിയാർ

2. ഡെപ്യൂട്ടി ഡയറക്ടർ. പഞ്ചായത്ത് വകുപ്പ്, തൃശ്ശൂർ ജില്ല
3. മേഖല ജോയിൻറ് ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, എറണാകുളം.
4. ഡെപ്യൂട്ടി ഡയറക്ടർ വിനോദ സഞ്ചാര വകുപ്പ്, ജില്ലാ ഓഫീസ്. തൃശ്ശൂർ
5. അക്കൗണ്ടന്റ് ജനറൽ ,ഓഡിറ്റ് - 2, തിരുവനന്തപുരം
6. ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം.
7. സ്റ്റോക് ഫയൽ/ ഓഫീസ് പകർപ്പ് / പി. എം. എസ്.

അംഗീകാരത്തോടെ

അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ

12-12-2024

# തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം
## (സാന്നിദ്ധ്യം : അർജുൻ പാണ്ഡ്യൻ, ഐ.എ.എസ്)

വിഷയം:- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (2024-2025)- ബഹു. പുതുക്കാട് നിയോജക മണ്ഡലം എം.എൽ.എ ശ്രീ.—കെ കെ രാമചന്ദ്രൻ. പുതുക്കാട് നിയോജകമണ്ഡലം -പ്രൊജക്ട് നമ്പർ- 22243- ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് –സംബന്ധിച്ച്

പരാമർശം – 1. സ.ഉ(അച്ചടി)നം.86/2017/ധന തിയ്യതി 04-07-2017
2. സ.ഉ(അച്ചടി) നം. 126/2017/ധന തിയ്യതി 25/09/2017
3. സ.ഉ(അച്ചടി)നം.119/2018/ ധന തിയ്യതി 04/08/2018
4.സ.ഉ(അച്ചടി)നം.67/2021/ധന തിയ്യതി 28/04/2021
5.സ.ഉ(അച്ചടി)നം.1287/2023 ധന തിയ്യതി 22-02-2023
6. ബഹു. പുതുക്കാട് നിയോജക മണ്ഡലം എം.എൽ.എ ശ്രീ.—കെ കെ രാമചന്ദ്രൻ അവർകളുടെ 01.11.2024 തീയതിയിലെ കത്ത്.
7. വൈൽഡ് ലൈഫ് വാർഡൻ,വൈൽഡ് ലൈഫ് ഡിവിഷൻ,പീച്ചി എന്നവരുടെ 04.12.2024 തീയതിയിലെ KFDDO/46697/2024-WLDPCH/PW2 നമ്പർ കത്ത്

**ഉത്തരവ് നം. LSGD/ JD/TSR/9278/2024/F2 തിയ്യതി 10.12.2024**

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ബഹു.എം.എൽ.എമാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനും പ്രസ്തുത പ്രവൃത്തികളുടെ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നതിനും 2017-18 സാമ്പത്തികവർഷം മുതൽ ബഹു. ജില്ലാ കളക്ടർമാരെ ചുമതലപെടുത്തി കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ ബഹു. പുതുക്കാട് നിയോജക മണ്ഡലം എം.എൽ.എ ശ്രീ.—കെ കെ രാമചന്ദ്രൻ അവർകളുടെ 2024-2025 ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന പ്രവൃത്തിക്ക് സൂചന (6) പ്രകാരം ശുപാർശ നല്കിയിട്ടുണ്ട്.

**പ്രവർത്തിയുടെ വിവരങ്ങൾ**

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | പദ്ധതി തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | 22243 | ചിമ്മിനി ഇക്കോടൂറിസം പദ്ധതി | 50 |

മേൽ പ്രവൃത്തിക്ക് സൂചന (7) പ്രകാരം വൈൽഡ് ലൈഫ് വാർഡൻ,വൈൽഡ് ലൈഫ് ഡിവിഷൻ,പീച്ചി എന്നവരുടെ എസ്റ്റിമേറ്റ് ,ചെക്ക് ലിസ്റ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ലഭ്യമായിട്ടുണ്ട്.


വന്യജീവി ഡിവിഷൻ
പീച്ചി
സെക്ഷൻ PW2 ROAD
എച്ച്.ഏ.
ജെ.എസ്.
വൈ. ലൈ. വാർഡൻ
12/12/24

ഈ സാഹചര്യത്തിൽ പരാമർശം (1) മുതൽ (5) വരെയുള്ള സർക്കാർ ഉത്തരവുകളിലെ എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ബഹു. ബഹു. പുതുക്കാട് നിയോജക മണ്ഡലം എം.എൽ.എ ശ്രീ.—കെ കെ രാമചന്ദ്രൻ അവർകളുടെ 2024-25 ലെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ശുപാർശ നൽകിയ മേൽ പ്രവൃത്തിക്ക് 50 ലക്ഷം (അമ്പത് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇതിലേക്ക് ആവശ്യമായ തുക 4406-01-101-97 Projects Under LAC-ADS (NP) എന്ന ശീർഷകത്തിൽനിന്നും വഹിക്കേണ്ടതാണ്. നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ച് ഉചിതമായ തലത്തിൽ ടി പ്രവൃത്തിയുടെ നിർവ്വഹണം പൂർത്തിയാക്കുന്നതിന് വൈൽഡ് ലൈഫ് വാർഡൻ, വൈൽഡ് ലൈഫ് ഡിവിഷൻ,പീച്ചി എന്നിവരെ ചുമതലപ്പെടുത്തുന്നു.

ഒപ്പ്
ജില്ലാ കളക്ടർ
തൃശ്ശൂർ

സ്വീകർത്താവ് : വൈൽഡ് ലൈഫ് വാർഡൻ,വൈൽഡ് ലൈഫ് ഡിവിഷൻ,പീച്ചി

പകർപ്പ് : 1 ബഹു. ബഹു. പുതുക്കാട് നിയോജക മണ്ഡലം എം.എൽ.എ ശ്രീ.—കെ കെ രാമചന്ദ്രൻ

2.അക്കൌണ്ടൻറ് ജനറൽ , കേരള ,തിരുവനന്തപുരം

3. പ്രിൻസിപ്പൽ സെക്രട്ടറി,ധനകാര്യ വകുപ്പ് (നോഡൽ സെൻറർ- ബി)

4..ചീഫ് എഞ്ചിനിയർ തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

//ഉത്തരവിൻ പ്രകാരം //

അസിസ്റ്റന്റ് ഡയറക്ടർ
തദ്ദേശ സ്വയം ഭരണ വകുപ്പ് ,തൃശ്ശൂർ

ANSON JOSEPH KV. K.A.S.
PEN: 847840
ASSISTANT DIRECTOR
LOCAL SELF GOVERNMENT
DEPARTMENT, THRISSUR
Tel: 0487-2360616

OFFICE OF THE JOINT DIRECTOR ★ LSGD THRISSUR ★ THRISSUR PIN: 680003

# GOVERNMENT OF KERALA

## Abstract

Forest & Wildlife Department - Projects approved under Navakerala Sadas - Ecotourism development in Peechi Wildlife Division - Chimmony Ecotourism Project - Administrative Sanction accorded - Orders Issued.

## FOREST & WILDLIFE (E) DEPARTMENT

G.O.(Rt)No.434/2025/F&WLD Dated,Thiruvananthapuram, 15-10-2025

Read
1. G.O(Ms) No.3/2025/PIE&MD dated 28/07/2025
2. G.O(Rt)356/2025/F&WLD, dated:23/08/2025
3. Letter No.P6-4224/2024,dated:28/08/2025 from Additional Principal Chief Conservator of Forest(F,B&A), Forest Head quarters, Thiruvananthapuram
4. Minutes of the Administrative Sanction Committee meeting held on 27/9/2025.

## ORDER

As per the Government Order read as 1st paper above, the project *"Chimmony Ecotourism Project"* under Peechi Wildlife Division (comprising development of boat landing area, construction of cafeteria and Eco-shop) for an amount of Rs.100.00 lakh was sanctioned as a Navakerala Sadas Project.

2. As per the letter read as 3rd paper above, the Additional Principal Chief Conservator of Forests (F, B & A) has submitted the detailed project proposal and Detailed Project Report (DPR) for granting administrative sanction for the project under the Budget Head *4406-01-800-91 – Ecotourism*.

3. The Administrative Sanction Committee constituted as per the Government Order read as 2nd paper above for approving projects of the

Forest & Wildlife Department under Navakerala Sadas, has approved the project in its meeting held on 27.09.2025.

4. In these circumstances, Government have examined the matter in detail and are pleased to accord Administrative Sanction for an amount of Rs.100.00 lakh (Rupees One hundred lakh only) for the project "Chimmony Ecotourism Project" under Peechi Wildlife Division, approved under Navakerala Sadas Projects, to be debited from the Budget Head 4406-01-800-91 – Ecotourism.

(By order of the Governor)
MINHAJ ALAM I A S
PRINCIPAL SECRETARY

To

1. The Principal Chief Conservator of Forests & Head of Forest Force, Thiruvananthapuram.
2. The Additional Principal Chief Conservator of Forests (F, B & A), Thiruvananthapuram.
3. Additional Principal Chief Conservator of Forests (E&TW) Forest Head Quarters, Thiruvananthapuram
4. The Accountant General (A&E) / (Audit), Kerala, Thiruvananthapuram.
5. The Kerala State Planning Board
6. Finance Department
7. Programme Implementation, Evaluation and Monitoring Department.
8. Stock File (E1/104/2024/FWLD)

Forwarded /By order

Section Officer

Copy to:-

PS to Minister, Forest and Wildlife Department

PA to Principal Secretary, Forest and Wildlife Department
CA to Joint Secretary, Forest and Wildlife Department

## വൈൽഡ്ലൈഫ് വാർഡൻ, പീച്ചിയുടെ നടപടി ക്രമം
(ഹാജർ: രഞ്ജിത് എം.കെ.)

വിഷയം: ചിമ്മിനി ഇക്കോടൂറിസം പദ്ധതി – നവകേരള സദസ്സ് മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പ്രവർത്തനങ്ങൾ – പ്രവൃത്തി അനുവദിക്കുന്നത് – സംബന്ധിച്ച്.

സൂചന: (1) 28-07-2025 തിയ്യതിയിലെ സ.ഉ.(കൈ) നം.3/2025/PIE&MD നമ്പർ സർക്കാർ ഉത്തരവ്.

(2) ഈ ഓഫീസിലെ 01-07-2025 തിയ്യതിയിലെ KFDDO/36471/2025-WLDPCH/PW2 നമ്പർ കത്ത്.

(3) മാനേജിംഗ് ഡയറക്ടർ, കേരള പോലീസ് ഹൗസിംഗ് ആൻറ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തിൻെറ 05-07-2025 തിയ്യതിയിലെ KPHCC/2020-21/ CORRESPONDENCE/TSR നമ്പർ കത്ത്.

(4) മാനേജിംഗ് ഡയറക്ടർ, കേരള പോലീസ് ഹൗസിംഗ് ആൻറ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തിൻെറ 01-08-2025 തിയ്യതിയിലെ KPHCC/2020-21/ CORRESPONDENCE/TSR നമ്പർ കത്ത്.

**ഉത്തരവ് നമ്പർ: KFDDO/36471/2025-WLDPCH/PW2 തിയതി: 12/08/2025**

ചിമ്മിനി ഇക്കോടൂറിസം പദ്ധതിയിൻ കീഴിൽ നവകേരളസദസ്സ് മുഖേന ഒരു കോടി രൂപ ലഭ്യമാകുന്നതിന് സൂചന (1) പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ ഉൾപ്പെടുത്തി Establishing Vanasree Ecoshop with Feeding Room and Medical Room, Establishing Cafeteria & Kitchen, Providing Boat Landing area and Resting area എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൻെറ ഭാഗമായി, അംഗീകാരം ഉള്ള ആറ് സ്ഥാപനങ്ങളിൽ നിന്നും സൂചന (2) പ്രകാരം താൽപര്യപത്രം ക്ഷണിച്ചിരുന്നു. നിശ്ചിത സമയ പരിധിക്കുള്ളിൽ മറുപടി സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ കുറഞ്ഞ സെൻറ്റേജ് നിരക്കായ 8% (Excluding GST) നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് കേരള പോലീസ് ഹൗസിംഗ് ആൻറ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KPHCC) എന്ന സ്ഥാപനം സൂചന (3) പ്രകാരം താൽപ്പര്യം അറിയിച്ചിട്ടുള്ളതാണ്.

തുടർന്ന് മേൽ സ്ഥാപനവുമായി 25-07-2025 തിയ്യതിയിൽ നടത്തിയ നെഗോഷിയേഷൻ ചർച്ച പ്രകാരം ചിമ്മിനി ഇക്കോടൂറിസം പദ്ധതിയിൻ കീഴിൽ നവകേരളസദസ്സ് മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പ്രവർത്തനങ്ങൾ 7.75% (Excluding GST) സെൻറ്റേജ് നിരക്കിൽ ചെയ്യുന്നതിന് തയ്യാറാണെന്ന് കേരള പോലീസ് ഹൗസിംഗ് ആൻറ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KPHCC) എന്ന സ്ഥാപനം സൂചന (4) പ്രകാരം പ്രകാരം അറിയിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ ചിമ്മിനി ഇക്കോടൂറിസം പദ്ധതിയിൻ കീഴിൽ നവകേരളസദസ്സ് മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പ്രവർത്തനങ്ങൾ

(Establishing Vanasree Ecoshop with Feeding Room and Medical Room, Establishing Cafeteria & Kitchen, Providing Boat Landing area and Resting area) 7.75% (Excluding GST) സെൻറ്റേജ് നിരക്കിൽ ചെയ്യുന്നതിന് താൽപ്പര്യം സമർപ്പിച്ചിട്ടുള്ള കേരള പോലീസ് ഹൗസിംഗ് ആൻറ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KPHCC) എന്ന സ്ഥാപനത്തിൻെറ പേരിൽ പ്രവൃത്തി അനുവദിച്ചുകൊണ്ട് പീച്ചി വൈൽഡ്ലൈഫ് വാർഡനായ രഞ്ജിത് എം.കെ. എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

രഞ്ജിത് എം.കെ.
വൈൽഡ്ലൈഫ് വാർഡൻ, പീച്ചി

സ്വീകർത്താവ്

മാനേജിങ് ഡയറക്ടർ,
കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ
കോർപറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.

പകർപ്പ്: (1) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ഫീൽഡ് ഡയറക്ടർ, പാലക്കാടിൻെറ അറിവിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

(2) അസിസ്റ്റൻറ് വൈൽഡ്ലൈഫ് വാർഡൻ, ചിമ്മിനിക്ക് നൽകുന്നു.

## വൈൽഡ്ലൈഫ് വാർഡൻ, പീച്ചിയുടെ നടപടി ക്രമം
## (ഹാജർ: രഞ്ജിത് എം.കെ.)

വിഷയം: ചിമ്മിനി ഇക്കോടൂറിസം പദ്ധതി - 2025-26-ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-II മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പ്രവർത്തനങ്ങൾ - പ്രവൃത്തി അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന: (1) ഈ ഓഫീസിലെ 04-08-2025 തിയ്യതിയിലെ KFDDO/36637/2025-WLDPCH/PW2 നമ്പർ കത്ത്.

(2) മാനേജിംഗ് ഡയറക്ടർ, കേരള പോലീസ് ഹൗസിംഗ് ആൻറ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തിൻെറ 12-08-2025 തിയ്യതിയിലെ KPHCC/2020-21/ CORRESPONDENCE/TSR നമ്പർ കത്ത്.

(3) മാനേജിംഗ് ഡയറക്ടർ, കേരള പോലീസ് ഹൗസിംഗ് ആൻറ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരത്തിൻെറ 08-10-2025 തിയ്യതിയിലെ KPHCC/2020-21/ CORRESPONDENCE/TSR നമ്പർ കത്ത്.

**ഉത്തരവ് നമ്പർ: KFDDO/36637/2025-WLDPCH/PW2 തിയതി: 24-10-2025**

ചിമ്മിനി ഇക്കോടൂറിസം പദ്ധതിയിൻ കീഴിൽ 2025-26-ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-II മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി Providing Tented Accommodation, Providing Road to Boat Landing, Construction of Checkpost and Ticket Counter, Renovation of Parking area, Renovation of Information Centre എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൻെറ ഭാഗമായി, അംഗീകാരം ഉള്ള ആറ് സ്ഥാപനങ്ങളിൽ നിന്നും സൂചന (1) പ്രകാരം താൽപര്യപത്രം ക്ഷണിച്ചിരുന്നു. നിശ്ചിത സമയ പരിധിക്കുള്ളിൽ മറുപടി സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ കുറഞ്ഞ സെൻറ്റേജ് നിരക്കായ 8% (Excluding GST) നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് കേരള പോലീസ് ഹൗസിംഗ് ആൻറ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KPHCC) എന്ന സ്ഥാപനം സൂചന (2) പ്രകാരം താൽപ്പര്യം അറിയിച്ചിട്ടുള്ളതാണ്.

തുടർന്ന് മേൽ സ്ഥാപനവുമായി 09-09-2025 തിയ്യതിയിൽ നടത്തിയ നെഗോഷിയേഷൻ ചർച്ച പ്രകാരം മേൽ പ്രവൃത്തികൾ 7.75% (Excluding GST) സെൻറ്റേജ് നിരക്കിൽ ചെയ്യുന്നതിന് തയ്യാറാണെന്ന് കേരള പോലീസ് ഹൗസിംഗ് ആൻറ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KPHCC) എന്ന സ്ഥാപനം സൂചന (3) പ്രകാരം പ്രകാരം അറിയിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ ചിമ്മിനി ഇക്കോടൂറിസം പദ്ധതിയിൻ കീഴിൽ 2025-26-ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-II മുഖേന ലഭ്യമാകുന്ന ഒരു കോടി രൂപയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി Providing Tented Accommodation, Providing Road to Boat Landing, Construction of Checkpost and Ticket Counter, Renovation of Parking area, Renovation of Information Centre എന്നീ പ്രവൃത്തികൾ 7.75% (Excluding GST)

സെൻറ്റേജ് നിരക്കിൽ ചെയ്യുന്നതിന് താൽപ്പര്യം സമർപ്പിച്ചിട്ടുള്ള കേരള പോലീസ് ഹൗസിംഗ് ആൻറ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KPHCC) എന്ന സ്ഥാപനത്തിൻെറ പേരിൽ പ്രവൃത്തി അനുവദിച്ചുകൊണ്ട് പീച്ചി വൈൽഡ്ലൈഫ് വാർഡനായ രഞ്ജിത് എം.കെ. എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

**രഞ്ജിത് എം.കെ.**
**വൈൽഡ്ലൈഫ് വാർഡൻ, പീച്ചി**

സ്വീകർത്താവ്

മാനേജിങ് ഡയറക്ടർ,
കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ
കോർപറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.

പകർപ്പ്: (1) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ഫീൽഡ് ഡയറക്ടർ, പാലക്കാടിൻെറ അറിവിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

(2) അസിസ്റ്റൻറ് വൈൽഡ്ലൈഫ് വാർഡൻ, ചിമ്മിനിക്ക് നൽകുന്നു.